ടി. മുഹമ്മദ് വേളം

# പുനഃസംഘടിപ്പിക്കപ്പെടേണ്ട കുടുംബം

**കുടുംബം** തകരുന്നു എന്ന നിലവിളിയും കുടുംബത്തെ തകർക്കുക എന്ന മുദ്രാവാക്യവും ഇന്ന് സജീവമാണ്. കുടുംബം നമ്മുടെ സാംസ്കാരിക സംവാദങ്ങളുടെയും പ്രത്യയശാസ്ത്ര ചർച്ചകളുടെയും കേന്ദ്ര പ്രമേയമായി മാറിയ സന്ദർഭമാണിത്. ഒപ്പം ഏറെ സ്ഥൂലവും ആഴവുമുള്ളതുമായ മാറ്റങ്ങൾക്ക് നാം സാക്ഷ്യം വഹിക്കുന്ന കാലവുമാണിത്. അകലങ്ങളും അതിരുകളും അടുപ്പങ്ങൾക്ക് വഴികൊടുക്കുന്ന, ലോകം എന്ന സാകല്യത്തെ കുറിച്ച് പുതിയ അനുഭവങ്ങൾ പകർന്നു ലഭിക്കുന്ന കാലം. ഒറ്റ ലോകം എന്ന അനുഭവം എന്നും സാധ്യമാക്കാൻ ശ്രമിച്ചത് സാങ്കേതികവിദ്യയാണ്. കപ്പലിൽ തുടങ്ങി കമ്പ്യൂട്ടറിൽ വളർന്നു നിൽക്കുന്ന ഉപകരണസിദ്ധി. രാവും പകലും തന്നെ വിഭിന്ന നേരങ്ങളിൽ അനുഭവിക്കാൻ മാത്രം ദൂരം പോന്ന ലോകത്തെ, ദൈവദാനത്താൽ മനുഷ്യബുദ്ധി സാധ്യമാക്കുന്ന ഉപകരണങ്ങളിലൂടെ മാത്രമേ ഒന്നായി, ഒരേകകമായി അനുഭവിക്കാനാവൂ. എന്തിന് ഇത്രയും ദൂരത്തിനകത്ത് മനുഷ്യനെന്ന ഏകകത്തെ പരത്തിനിർത്തി എന്നതിന്റെ ഉത്തരം, ബുദ്ധിയും ഉപകരണസിദ്ധിയും കൊണ്ട് മനുഷ്യന് പൂരിപ്പിക്കാൻ, ഒറ്റ മനുഷ്യൻ ഒറ്റ ലോകം എന്ന അനുഭവത്തെ നിറവേറ്റാൻ എന്നതാണ്. പ്രകൃതിയുടെ അതിരിൽനിന്ന് മനുഷ്യൻ രൂപപ്പെടുത്തിയ സാങ്കേതികവിദ്യയാണ് ഏക ലോകത്തെ സഫലമാക്കുന്നത്. വിമാനം എത്ര വേഗമാണ്, ഇന്റർനെറ്റ് എത്ര എളുപ്പമാണ് അതിരുകളെ അതിജയിക്കുന്നത്. ലോകത്തിനാകെ കാരുണ്യമായി പൂത്ത പ്രവാചകൻ മുഹമ്മദാണ് ഒറ്റ ലോകത്തിന്റെ ചരിത്രപരമായ ഉദ്ഘാടകൻ. അതിന്റെ ഘടനാപരമായ നിറഞ്ഞ സാഫല്യമാണ് ലോകം ഒരാഗോള ഗ്രാമമാവുന്നതിലൂടെ മനുഷ്യരിന്നനുഭവിക്കുന്നത്. ലോകം ഒന്നാവുന്നതിന്റെ ആദ്യത്തെ പ്രയോജനക്കാർ നിലവിൽ ആധിപത്യം പുലർത്തുന്നവരാവുക എന്നത് വിധ്വംസകമായ ഒരു സ്വാഭാവികതയാണ്. ആഗോളവത്കരണവിരുദ്ധ സമരങ്ങളുടെ ചരിത്രപരമായ മൂല്യം, ഒന്നാവുന്ന ലോകത്ത് നിഷ്കാസനം ചെയ്യപ്പെടുന്ന, നിഷേധിക്കപ്പെടുന്ന അവസരങ്ങളും അർഹതകളും പിടിച്ചുവാങ്ങാനുള്ള, പുതിയ ലോകത്ത് ഇടം രേഖപ്പെടുത്താനുള്ള സാധാരണ മനുഷ്യരുടെ പ്രക്ഷോഭം എന്നതാണ്. പക്ഷേ ഒന്നാവുന്ന പലതരത്തിലും വികസിക്കുന്ന ലോകം പലതായിരുന്നു, പഴയ ലോകത്തിന്റെ പല ശീലങ്ങളെയും മൂല്യങ്ങളെയും വെട്ടിത്തിരുത്തുന്നു എന്നത് സത്യമാണ്. കുടുംബത്തിന്റെ ഉമ്മറത്തും അകത്തളത്തുമാണ് അതിപ്പോൾ ഏറെ തിരുത്ത് വരുത്തുന്നത്.

ഈ ചരിത്രസന്ദർഭത്തെ എങ്ങനെ നോക്കികാണണം എന്നതാണ് മുസ്‌ലിം സമുദായത്തിന്റെ മുന്നിലെ വിഷയം. പുതിയ കാലം കുടുംബത്തിനെതിരായ ദാർശനികവും പ്രയോഗപരവുമായ മിസൈലാക്രമണങ്ങൾ നടത്തുന്നു എന്നത് അവഗണന അസാധ്യമായ സത്യമാണ്. എന്നാൽ ശരിയും തെറ്റും ഇസ്‌ലാമും അനിസ്‌ലാമും ഇടകലർന്ന എല്ലാ പഴയ നടപ്പുകളും വഴുതിപ്പോകാതെ കാത്തുരക്ഷിക്കുക എന്നതാണോ കുടുംബത്തെ സംരക്ഷിക്കാനുള്ള വഴി? മാറുന്ന കാലത്തിന്റെ നേരെ പുലഭ്യം പറയുക എന്നതാണ് കുടുംബത്തിന്റെയും സദാചാരത്തിന്റെയും സംരക്ഷണത്തിന് മുസ്‌ലിം മതപണ്ഡിതന്മാരും മതസംഘടനകളും പൊതുവിൽ ചെയ്തുകൊണ്ടിരിക്കുന്ന സമകാലിക സാംസ്കാരിക പ്രവർത്തനം. തകരുന്നതെല്ലാം ഇസ്‌ലാമാണ്, പകരം വരുന്നതെല്ലാം അനിസ്‌ലാമികമാണെന്ന ലളിതയുക്തിയാണതിന്റെ അസ്തിവാരം. കഴിഞ്ഞ കാലം നന്മ നിറഞ്ഞതായിരുന്നു, പുതിയ കാലവും പുതിയ തലമുറയും തിന്മ നിറഞ്ഞതാണെന്ന രക്ഷാകർതൃ മനോഘടനയെ ഇസ്‌ലാമിന്റെ കുപ്പായം ഉടുപ്പിച്ചവതരിപ്പിക്കുക മാത്രമാണിവർ ചെയ്യുന്നത്. ഇതിനപ്പുറം

ഇസ്ലാമിക സമൂഹത്തിൽ നേടിയെടുക്കേണ്ട ലക്ഷ്യങ്ങൾ അക്കമിട്ടു പറയുന്നേടത്ത് വീണ്ടും പറയുന്നു: '(7) മുസ്ലിം സ്ത്രീകൾ ഇസ്ലാമിക ശരീഅത്തിന്റെ വെളിച്ചത്തിൽ തങ്ങളുടെ അവകാശങ്ങളും ബാധ്യതകളും മനസ്സിലാക്കുക, സമൂഹത്തിൽ അവർക്കുള്ള സ്ഥാനവും പദവിയും അവകാശങ്ങളും ലഭ്യമാവുക, കുടുംബത്തിന്റെയും സമൂഹത്തിന്റെയും നിർമാണത്തിലും പ്രബോധന പ്രവർത്തനങ്ങളിലും അവൾ ഫലപ്രദമായി പങ്കാളിത്തം വഹിക്കുക. (8) അനന്തരാവകാശ സ്വത്ത് വിഭജനം ഇസ്ലാമിക ശരീഅത്തനുസരിച്ചാവുക, അതിൽ സ്ത്രീകൾക്കുള്ള വിഹിതങ്ങൾ നിർബന്ധമായും അവർക്ക് ലഭിക്കുക' (ജമാഅത്തെ ഇസ്ലാമി ഹിന്ദ് പോളിസി പ്രോഗ്രാം- കേരള ഹൽഖ മീഖാത്തീ പ്രോഗ്രാം, പേജ് 15).

കേരളത്തിലെ മുസ്ലിം സ്ത്രീ സാമൂഹികമായി ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന സന്ദർഭമാണിത്. ഗൾഫ് പലായനം എന്ന സാമൂഹികപ്രതിഭാസം മുസ്ലിം സ്ത്രീയെ വർധിച്ച തോതിൽ സാമൂഹികവത്കരിച്ചിട്ടുണ്ട്. ബാങ്കിൽ പോവുന്നതും സ്കൂൾ പി.ടി.എ യോഗത്തിൽ പങ്കെടുക്കുന്നതും അയൽക്കൂട്ടത്തിന് ഹാജരാകുന്നതും ഇപ്പോൾ അവളാണ്. പുതിയ ജീവിത സൗകര്യങ്ങൾ അവൾക്ക് കൂടുതൽ വായിക്കാനും മാധ്യമങ്ങൾ ശ്രദ്ധിക്കാനും അവസരമൊരുക്കുന്നു. ഈ സാമൂഹികശാക്തീകരണത്തിലും അതിനെ ഇസ്ലാമികമായി ദിശതിരിക്കുന്നതിലും ജമാഅത്തെ ഇസ്ലാമി വഹിച്ച പങ്ക് ഇവിടെ ഓർക്കേണ്ടതാണ്. വനിതാ ഹൽഖയും ഖുർആൻ സ്റ്റഡി സെന്ററും സ്ത്രീ വിദ്യാഭ്യാസവുമെല്ലാം അവളെ ഇസ്ലാമികമായ സാമൂഹിക വ്യക്തിത്വമാക്കി വളർത്തുകയായിരുന്നു. ഇങ്ങനെ സ്ത്രീക്ക് ലഭിച്ച പരിശീലനത്തിന്റെയും സ്ത്രീയെ അംഗീകരിക്കാൻ പുരുഷനു ലഭിച്ച ഇസ്ലാമിക സംഘടനാവിദ്യാഭ്യാസത്തിന്റെയും സാഫല്യമാണ് ജമാഅത്തിന്റെ സംസ്ഥാന നേതൃത്വത്തിലേക്ക് ഒരു വനിത കടന്നുവന്നത്.

ആണിനും പെണ്ണിനും ഇസ്ലാം ഉറപ്പു നൽകുന്ന ഉയർന്ന അവകാശങ്ങൾ വകവെച്ചുകൊടുത്ത് മാത്രമേ മുതലാളിത്തത്തിന്റെ കുടുംബത്തിനെതിരായ ആക്രമണോത്സുകതയെ തടുത്തുനിർത്താനാവൂ. അതിനു നാം സന്നദ്ധമാവാതെ പഴയ ജീർണതകളെ കെട്ടിപ്പുണർന്നാൽ മുതലാളിത്തം വ്യക്തിക്ക് നൽകുന്ന സാധ്യതകളുടെ മുന്നിൽ കുടുംബം തകർന്നൊലിച്ച് അറബിക്കടലിൽ ചെന്നു ചേരും. കാരണം ഫ്യൂഡൽ കുടുംബഘടനയുടെ തകർച്ച ചരിത്രപ

സമരത്തിന്റെയും അയിത്തത്തിനെതിരായ സമരങ്ങളുടെയും സൃഷ്ടിയായ വ്യക്തിവാദം ഇന്ന് വേശ്യാവൃത്തിയുടെ മഹത്വവത്കരണത്തിലും സ്വവർഗഭോഗത്തിന്റെ ജനാധിപത്യാവകാശത്തിലും ചെന്നെത്തിനിൽക്കുന്നതിന്റെ കാരണം സയ്യിദ് മൗദൂദി ജാഹിലിയ്യത്തിനെക്കുറിച്ച് നേരത്തേ ചൂണ്ടിക്കാട്ടിയ ഒന്നാണ്. ഭാഗിക സത്യങ്ങളെ പൂർണ സത്യമായി അവതരിപ്പിക്കുന്നു എന്നതാണ് ജാഹിലിയ്യത്തിന്റെ പ്രശ്നമെന്ന് മൗദൂദി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സമൂഹത്തെ അപകടപ്പെടുത്താത്ത വ്യക്തികളുടെ സ്വത്വം എന്നിടത്തോളം മുതലാളിത്തം ശരിയായിരുന്നു. എന്നാൽ സാമൂഹികതയെയും കുടുംബത്തെയും അസാധ്യമാക്കുന്ന വ്യക്തിവാദത്തിന്റെ പൂർണത മാനവികവിരുദ്ധമാണ്. ഭാഗിക സത്യത്തെ പൂർണ സത്യമായി അവതരിപ്പിച്ചതിന്റെ കൊയ്ത്താണ് പുതിയ ലൈംഗികവാദങ്ങൾ.

പക്ഷേ മുതലാളിത്തത്തിലെ വിമോചനാംശത്തെ കൃത്യമായി നാം തിരിച്ചറിയേണ്ടതുണ്ട്. പ്രത്യേകിച്ച് ഫ്യൂഡൽ ശീലങ്ങളും വഴക്കങ്ങളും ഇന്നും നിലനിൽക്കുന്ന നമ്മുടേതു പോലുള്ള സമൂഹങ്ങളിൽ. ഇന്ത്യയിലെ ദലിതരെ മനുഷ്യവ്യക്തികളാക്കിയത് ബ്രിട്ടീഷുകാരന്റെ മുതലാളിത്തമാണ്. മുതലാളിത്തത്തിന്റെ വിമോചനാംശത്തെ തിരിച്ചറിയാതിരിക്കുകയും ഫ്യൂഡൽ കാലഘട്ടത്തിന്റെ ഗൃഹാതുരത നുണച്ചിറക്കുകയും ചെയ്യുന്നു എന്നതാണ് നമ്മുടെ നാട്ടിലെ ആഗോളവത്കരണവിരുദ്ധ സമരങ്ങളുടെ ഏറ്റവും വലിപ്പമുള്ള ഉറപ്പില്ലായ്മ.

വ്യക്തിക്ക് അഥവാ ആണിനും പെണ്ണിനും അല്ലാഹു അനുവദിച്ച മുഴുവൻ അർഹതകളും തിരിച്ചുനൽകി മുതലാളിത്തത്തെ നിരായുധമാക്കി മാത്രമേ അതിനെ പ്രതിരോധിക്കാനാവൂ. മുതലാളിത്തത്തിന് മുമ്പേ ഇസ്ലാം ഉയർത്തിപ്പിടിച്ച മൂല്യവസന്തമാണത്. ഇവിടെയാണ് സ്ത്രീയെ നാട്ടുശീലത്തിന്റെ ഭാഗമായി രണ്ടാം കിടയായി കാണുന്ന, അവകാശമില്ലാത്തവളായി ഗണിക്കുന്ന സമൂഹത്തിൽ സ്ത്രീക്ക് അല്ലാഹു അനുവദിച്ച മുഴുവൻ അവകാശവും ഉയർത്തിപ്പിടിക്കുമെന്ന് ജമാഅത്തെ ഇസ്ലാമി പോളിസി പ്രഖ്യാപിക്കുന്നത്. 'സമൂഹത്തിൽ സ്ത്രീകൾക്ക് അന്തസ്സുറ്റ സ്ഥാനം നേടിക്കൊടുക്കുന്നതിനും അതിക്രമങ്ങളിൽനിന്നും പീഢനങ്ങളിൽനിന്നും അവരെ രക്ഷിക്കുന്നതിനും സമൂഹത്തിൽ ക്രിയാത്മകമായ പങ്കുവഹിക്കാൻ അവരെ പ്രാപ്തരാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കും' എന്ന് 2007-2011 കാലയളവിലെ പോളിസി പ്രോഗ്രാമിന്റെ മാർഗദർശക തത്ത്വങ്ങളിൽ പറയുന്നു.

ഇസ്ലാമികമായി സമകാലിക സന്ദർഭത്തിലെ ഏറെ ഗൗരവതരമായ ഈ പ്രമേയത്തെ അഭിസംബോധന ചെയ്യാൻ മുസ്ലിം മുഖ്യധാരക്ക് സാധിച്ചിട്ടില്ല. ഒരു ഭൂതകാലത്തെയും നിലനിർത്തിയും പുനരുജ്ജീവിപ്പിച്ചും വർത്തമാന കാലത്തിന്റെ പാപങ്ങളെ ചെറുക്കാനാവില്ല എന്നതാണ് ചരിത്രത്തെക്കുറിച്ച ഒന്നാം പാഠം. ആഗോളവത്കരണവിരുദ്ധ സമരങ്ങൾ കേവല വിലാപവും കാൽപനിക അയവിറക്കലുകളുമായി പരിമിതപ്പെടുന്നത് ഈ ചരിത്രപാഠം മറന്നുവെക്കുന്നതുകൊണ്ടാണ്.

പുതിയ കാലം കുടുംബത്തെ വലിയ അളവിൽ പുനഃസംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഈ പുനഃസംഘാടനം ഒരുപാട് ഫ്യൂഡൽ ശീലങ്ങളെ മാറ്റിവരച്ചുകൊണ്ടിരിക്കുന്നു. ഈ മൂല്യങ്ങളിൽ പലതിന്റെയും തകർച്ച ആകാശവും ഭൂമിയും കരഞ്ഞുകാണാനിടയില്ലാത്ത അനിവാര്യമായ പതനങ്ങളാണ്. പകരം വരുന്നവയെല്ലാം ഇസ്ലാമിനെതിര് എന്ന് പ്രഖ്യാപിക്കാനാവാത്തവയാണ്. എന്നല്ല പുതിയ ചില മാറ്റങ്ങളെങ്കിലും ഫ്യൂഡൽ കാലത്തെ നടപ്പുകളേക്കാൾ മാനുഷികവും ഇസ്ലാമികവുമാണ്.

ഭാര്യയെ പേരു വിളിക്കാത്ത, ഭർത്താവിനെ പേരു ചേർത്ത് വിളിക്കാത്ത ഒരു ഭൂതകാലം ഇന്നും നമുക്കിടയിലുണ്ട്. പേര് വ്യക്തിത്വത്തിന്റെ അടയാളവാക്കാണ്. രണ്ട് വ്യക്തിത്വങ്ങളുടെ സഹവാസമായിരുന്നു നമുക്കപ്പോൾ കുടുംബം.

വ്യക്തികളുടെ എല്ലാ ആത്മാവിഷ്കാരങ്ങളെയും നിശ്ശബ്ദമാക്കുന്ന ഫ്യൂഡൽ ഗതകാലത്തിൽനിന്ന് പുതിയ കാലത്തെ വെറുതെ വിട്ടത് ആധുനികതയും മുതലാളിത്തവുമാണ്. ഫ്യൂഡൽ സാമൂഹികശരീരത്തിന് ഏറ്റവും പരിക്കുകൾ ഏൽപിച്ചത് നമ്മുടെ നാട്ടിൽ ഇസ്ലാമും കൊളോണിയൽ ആധുനികതയും അതിന്റെ ആശയരൂപമായ മുതലാളിത്തവുമാണ്. ഒരു കാരണവരും കുറേ മുഖമില്ലാത്ത, ശബ്ദമില്ലാത്ത മനുഷ്യരുമായിരുന്നു നേരത്തേ നമുക്ക് കുടുംബം. കാരണവർ പോലും അദ്ദേഹത്തിന്റെ വ്യക്തിത്വത്തേക്കാൾ ചില നടപ്പുശീലങ്ങളെയാണ് കുടുംബത്തിൽ പുലർത്തിപ്പോന്നത്. ഇത് മാറി വ്യക്തിയുടെ വ്യക്തിത്വം പുനഃസ്ഥാപിക്കുന്നതിൽ മുതലാളിത്തം വഹിച്ച ഓഹരി ഏറെ വലുതാണ്. ഫ്യൂഡലിസത്തിനെതിരായ വിമോചന മുദ്രാവാക്യമായാണ് പാശ്ചാത്യ വ്യക്തിവാദം ചരിത്രത്തിൽ കടന്നുവന്നത്. ഫ്രഞ്ച് വിപ്ലവത്തിന്റെയും അമേരിക്കൻ സ്വാതന്ത്ര്യ

രമായ ഒരനിവാര്യതയാണ്. ഇസ്‌ലാമിന്റെ ശുദ്ധവായുവും വെളിച്ചവും കുടുംബത്തിനകത്തേക്ക് കടത്തിവിട്ടേ കുടുംബത്തെ നിലനിർത്താനാവൂ.

നമ്മുടെ കുടുംബ സദാചാര സ്ത്രീ വിഷയത്തിലെ ഇസ്‌ലാമിനെ കവിഞ്ഞുനിൽക്കുന്ന, ഹൈന്ദവ സവർണ ഭാരങ്ങൾ കുടഞ്ഞു തെറിപ്പിക്കാൻ നമുക്കാവണം. ഇനിയും ഏറെ ഉദാരമായ ഒരു കുടുംബ ഘടനയാണ് ഇസ്‌ലാം മുന്നോട്ടുവെക്കുന്നത്. എൺപതുകളുടെ മധ്യത്തിൽ കേരളത്തിൽ പുക പടലങ്ങളുയർത്തിയ ശരീഅത്ത് വിവാദത്തിന്റെ പിന്നിൽ പ്രവർത്തിച്ചത് ഹൈന്ദവ സവർണ പൊതുബോധമാണെന്നത് നേരത്തേ ചൂണ്ടിക്കാണിക്കപ്പെട്ട സാമൂഹിക സത്യമാണ്. മുസ്‌ലിം സ്ത്രീ ത്വലാഖിന്റെയും ബഹുഭാര്യാത്വത്തിന്റെയും പേരിൽ പീഡിതയാവുന്നു എന്ന മുറവിളി ഉയർന്നുപൊങ്ങുന്നത് ഹൈന്ദവമായ പൊതുമനോഘടനയിൽനിന്നുകൊണ്ട് മുസ്‌ലിം സ്ത്രീയെ വിലയിരുത്തുന്നതിന്റെ ഫലമാണെന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഹൈന്ദവ സമൂഹത്തിൽ വിവാഹമോചനം ഒരു വൻപ്രശ്നമായി മാറുന്നത് വിധവാ വിവാഹം ഒരർഥത്തിലും പിന്തുണക്കപ്പെടാത്ത ഒരാചാര ഘടനയായി നിലനിൽക്കുന്നതുകൊണ്ടാണ്. ഹൈന്ദവ പൊതുബോധം മുസ്‌ലിം സ്ത്രീയുടെ വിവാഹമോചന പ്രശ്നത്തെ വിലയിരുത്തുമ്പോഴാണ് ത്വലാഖ് ഒരുഗ്രൻ സാമൂഹിക പ്രശ്നമാവുന്നത്.

നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന സവർണവും ഹൈന്ദവവുമായ പൊതുബോധത്തിൽ പറയാൻ പോലും പ്രയാസമുള്ള കാര്യമാണ് വിവാഹമോചനം വിമോചനാത്മകമായ ഒരവസരമാണെന്നത്. വിവാഹമോചിതരായ ആണും പെണ്ണും തങ്ങൾക്ക് ജനിച്ച കുട്ടിയുടെ മുലയൂട്ടലിനെക്കുറിച്ച് കൂടിയാലോചിച്ച് ഒത്തൊരുമിച്ച് തീരുമാനമെടുക്കണമെന്ന ഖുർആനിക ശാസന (*അൽബഖറ* 233) പകർന്നു തരുന്ന ഭാവചിത്രം മുസ്‌ലിം ജീവിതത്തിനു പോലും എത്ര അപരിചിതമാണ്. വഴിപിരിയേണ്ടി വരുന്ന ദമ്പതികളും അവരുടെ കുടുംബങ്ങളും എന്നുതൊട്ടാണ് പരസ്പരം കണ്ണിന് കണ്ടുകൂടാത്ത ശത്രുക്കളായത്. ഈ വചനം മാതാവായി എന്നതോ പിതാവായി എന്നതോ അവരുടെ വ്യക്തി എന്ന നിലക്കുള്ള അവകാശത്തെ കവരാൻ കാരണമായിക്കൂടെന്നു പറഞ്ഞുകൊണ്ട് വ്യക്തിസ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിക്കുന്നുണ്ട്. ഒപ്പം ദമ്പതികളുടെ വഴിപിരിയിൽ ഒരു ശിശുവിനെ സുരക്ഷിത ജീവിതത്തിൽനിന്ന് പുറത്താക്കുന്നതിനെ ഉരുക്കുകോട്ടയുടെ ഭദ്രതയുള്ള നിയമങ്ങൾ കൊണ്ടും ഏറെ ഉയർന്ന ഒരു സംസ്കാരം കൊണ്ടും തടുത്തു നിർത്തുന്നുമുണ്ട്. "ശിശുവിന്റെ മുലകുടി പൂർണമാക്കണമെന്ന് പിതാക്കൾ ആഗ്രഹിക്കുന്നുവെങ്കിൽ മാതാക്കൾ അവരുടെ ശിശുക്കൾക്ക് രണ്ടു വർഷം തികച്ചും മുലയൂട്ടേണ്ടതാവുന്നു. അവൾക്ക് മാന്യമായ ഭക്ഷണവും വസ്ത്രവും നൽകൽ പിതാക്കളുടെ ബാധ്യതയാണ്. ആരിലും അവരുടെ കഴിവിൽ കഴിഞ്ഞ ബാധ്യത ചുമത്താവതല്ല. ഒരു മാതാവും ഒരു പിതാവും കുട്ടിയുടെ പേരിൽ പീഡിപ്പിക്കപ്പെട്ടുകൂടാ. മുലയൂട്ടുന്നവളോട് പിതാവിന്റെ അതേ ബാധ്യത അയാളുടെ അനന്തരാവകാശികൾക്കും ഉണ്ടായിരിക്കും. വിവാഹമോചിതരായ മാതാവും പിതാവും പരസ്പരം കൂടിയാലോചിച്ച് പരസ്പരതൃപ്തിയോടെ മുലകുടി മാറ്റാൻ തീരുമാനിച്ചാൽ അതിൽ കുറ്റമൊന്നുമില്ല. നിങ്ങളുടെ സന്താനത്തെ മുലയൂട്ടാൻ മറ്റൊരാളെ ഏൽപിക്കാൻ നിങ്ങൾ തീരുമാനിച്ചാൽ അതിലും കുറ്റമില്ല. അവർക്ക് നിശ്ചയിച്ച വേതനം മാന്യമായ രീതിയിൽ കൊടുക്കണമെന്നു മാത്രം" (*അൽബഖറ* 233).

അല്ലാഹു സ്ത്രീക്കും പുരുഷന്നും അനുവദിച്ച വ്യക്തിത്വത്തെ, അതിന്റെ അവകാശങ്ങളെ എല്ലാ കുല-രക്ഷാകർതൃ ശക്തികളിൽനിന്നും ചരിത്രം പിടിച്ചുവാങ്ങി അവരവർക്ക് തിരിച്ചുനൽകുന്ന സന്ദർഭമാണിത്. ഇവിടെ വെച്ചെങ്കിലും അല്ലാഹു വ്യക്തിക്ക് നൽകിയ അവകാശത്തിന്റെ പക്ഷത്ത് നിൽക്കാൻ മുസ്‌ലിം നേതൃത്വത്തിന് കഴിയണം. വിവാഹത്തിന് പെണ്ണിന്റെ (കന്യകയുടെ) സമ്മതം വാങ്ങേണ്ടതുണ്ടോ എന്ന കർമശാസ്ത്ര ചർച്ചയെ നമ്മുടെ കാലം അപ്രസക്തമാക്കുകയാണ്. ഉദ്ബുദ്ധയായ പുതിയ പെണ്ണിന്റെ സമ്മതമില്ലാതെ ഒരു രക്ഷിതാവിനും ഇന്ന് വിവാഹം നടത്തിക്കൊടുക്കുക സാധ്യമല്ല. അല്ലാഹു ആണും പെണ്ണുമായ വ്യക്തികൾക്ക് നൽകിയ മുഴുവൻ അവകാശങ്ങളും ഉദാരമായി അനുവദിച്ചും ഉയർത്തിപ്പിടിച്ചുമാണ് വ്യക്തികളുടെ കുടുംബ, സാമൂഹിക ബാധ്യതകളെക്കുറിച്ച് നാം സംസാരിക്കേണ്ടത്.

പെണ്ണായിരിക്കുക എന്നത് അഭിമാനകരമായ ഒരനുഭവമാണെന്ന് അവളെ ബോധ്യപ്പെടുത്തുന്ന ഒരു പുരുഷ സമീപന സംസ്കാരം നാം വളർത്തിയെടുക്കണം. മനുഷ്യസൃഷ്ടിപ്പിന്റെ മഹോന്നതമായ രണ്ട് സാധ്യതകളാണ് ആണും പെണ്ണുമെന്ന് നമുക്ക് പരസ്പരം ബോധ്യപ്പെടുത്താനും അനുഭവിക്കാനും കഴിയണം. അതിന് ആണിന്റെയും പെണ്ണിന്റെയും വ്യക്തിസത്തയെ അംഗീകരിക്കാൻ നാം തീരുമാനിക്കണം. അതിലൂടെ പ്രസവം, മുലയൂട്ടൽ മുതലായ ജൈവ ധർമങ്ങളിലും ആർദ്രത, കാരുണ്യം, സ്നേഹം തുടങ്ങിയ മാനസിക ഗുണപ്പെരുപ്പത്തിലും അഭിമാനമുള്ള സ്ത്രൈണ വ്യക്തിത്വങ്ങളെ സൃഷ്ടിക്കാൻ ഇസ്‌ലാമികസമൂഹത്തിന് സാധിക്കണം. ●